ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

കൃഷിഭവനുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

250 (1221) ശ്രീ. റ്റി. യു. കുരുവിള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ കൃഷിഭവനുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൃഷി വകുപ്പുമായി ബന്ധപ്പെട്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മാക്രോമാനേജ്മെന്റ് ഇൻ അഗ്രികൾച്ചർ

   നെൽകൃഷി വികസനം

   യന്ത്രവൽക്കരണം

   നീർത്തട വികസനം

2. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ ചെറുകിട നാളികേര കൃഷിയിടങ്ങളിൽ നടപ്പിലാക്കുന്ന നാളികേര വികസന പദ്ധതി

3. ജൈവകൃഷി വികസനം

4. ദേശീയ ബയോഗ്യാസ് പദ്ധതി

5. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി

6. രാഷ്ട്രീയ കൃഷി വികാസ് യോജന

7. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കുന്ന നാളികേര വികസന പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

8. മണ്ണിന്റെ ആരോഗ്യ ഫലഭൂയിഷ്ഠതയുടെ പരിപാലനത്തിനായുള്ള ദേശീയ പദ്ധതി

9. ആത്മ പദ്ധതി

10. സങ്കരവർഗ്ഗ തെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും

11. പ്രാദേശിക തെങ്ങിൻതൈ നഴ്സറികളുടെ സ്ഥാപിക്കൽ

12. കണിക ജലസേചന പദ്ധതി

13. വിത്ത് പകരം നൽകൽ

14. എണ്ണപ്പന വികസന പദ്ധതി

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവനുകൾ വഴിയാണ് നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ആയതിനാൽ പദ്ധതിയുടെ നടത്തിപ്പിൽ ജനകീയ പങ്കാളിത്തം പരമാവധി ഉറപ്പാക്കാറുണ്ട്.

(ഡി) പദ്ധതിയുടെ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതു മുതൽ പദ്ധതി നടത്തിപ്പിലുടനീളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്താറുണ്ട്. പല പ്രാദേശിക പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കാറുണ്ട്.

ഓണാട്ടുകര പ്രദേശത്തെ തരിശുസ്ഥലങ്ങളിൽ കൃഷി ഇറക്കുന്നതിന് സ്വീകരിച്ച നടപടി

251 (1222) ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണാട്ടുകര പ്രദേശത്തെ തരിശുകിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ഇറക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) സൗജന്യമായി വിത്ത്, വളം, വൈദ്യുതി, കൊയ്ത്ത്-മെതിയന്ത്രങ്ങൾ, ട്രാക്ടർ, ടില്ലർ എന്നിവ ഓണാട്ടുകരയിൽ കൃഷിഭവനുകൾ വഴി എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഈ മേഖലയിൽ നടപ്പാക്കാൻ പോകുന്ന പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY, KERALA LEGISLATIVE ASSEMBLY